# കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല, തൃശ്ശൂർ-680596



**പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ**
**വൈസ് ചാൻസിലർ.**

**ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പ്രിയപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ,**

*ഏറെ സ്നേഹത്തോടെയും കരുതലോടെയും ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യട്ടെ!*

കോവിഡ്-19 പാൻഡമിക് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നിങ്ങൾക്കറിയാവുന്നതുപോലെ, ലോകം ഗുരുതരമായ ആരോഗ്യ പ്രതിസന്ധിയിലാണ്. ഇന്ത്യയും കേരളവും അതിന്റെ നടുക്കതന്നെയാണ്. ഡോക്ടർമാരും നേഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫുമടങ്ങിയ വിവിധ ആരോഗ്യ പ്രവർത്തകരാണ് ഇന്ന് രക്ഷകരായി നമ്മുടെ മുന്നിലുള്ളത്. ആരോഗ്യ ശാസ്ത്ര സർവകലാശാലയിലെ ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ ഭാവിയിലെ ആരോഗ്യ പ്രവർത്തകരാണ്. ആ നിലയ്ക്കുകൂടി നമ്മൾ ഓരോരുത്തരും പ്രവർത്തനനിരതരാവേണ്ട സമയമാണിത്.

നിങ്ങളിൽ അധികം പേരും ഇതിനകം സ്വന്തം വീടുകളിൽ എത്തിയിട്ടുണ്ടാകുമെന്നു കരുതുന്നു. വ്യക്തിപരമായ ആരോഗ്യം സംബന്ധിച്ചുള്ള എല്ലാ മുൻകരുതലുകളും കുടുംബത്തോടൊപ്പം എടുക്കുക. അതോടൊപ്പം വീടിനടുത്തുള്ള ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും തയ്യാറാവുകയും വേണം. നിങ്ങളുടെ മേൽ വിലാസവും ഫോൺ നമ്പറും അതത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അവർ ബന്ധപ്പെടുമ്പോൾ ഈ മഹാ യുദ്ധത്തിൽ നിങ്ങളും കൂടി ആവോളം പങ്കുചേരുക.

ഇതൊരു മഹാമാരിയാണ്. മരണം വാരി വിതയ്ക്കും. പക്ഷേ, പ്രതിരോധം എളുപ്പമാണ്. സാമൂഹിക അകലം പാലിക്കൽ (സോഷ്യൽ ഡിസ്റ്റൻസിങ്ങ്), ഇടയ്ക്കിടെ കൈ ശുദ്ധിയാക്കൽ (സോപ്പും വെള്ളവും ഉപയോഗിച്ച്, അല്ലെങ്കിൽ സാനിറ്റൈസർ കൊണ്ട്), മുഖത്ത് തൊടാതിരിക്കൽ, മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൂട്ടംകൂടുന്നതു മൂലമുണ്ടാവുന്ന സ്പർശന സാധ്യതകൾ ഒഴിവാക്കൽ എന്നിങ്ങനെ ആരോഗ്യ വകുപ്പും ലോകാരോഗ്യ സംഘടനയും

നിർദ്ദേശിച്ച മാർഗങ്ങൾ എല്ലാം തന്നെ പിന്തുടരുക. സംസ്ഥാന ലോക്ക് ഡൗൺ പൂർണമായും പാലിക്കണം. അനാവശ്യമായി ആരും പുറത്തിറങ്ങരുത്. വിദേശത്തു നിന്നും വന്നവർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുറത്തിറങ്ങുന്നത് അറിഞ്ഞാൽ അധികാരികളെ അറിയിക്കുക.

കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ യൂനിവേഴ്സിറ്റി വെബ് സൈറ്റിൽ ഉണ്ടാവും. അതു ശ്രദ്ധിക്കുക. കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നിർദ്ദേശങ്ങൾ പൂർണമായും പാലിക്കുക.

വീട്ടിലിരിക്കുന്ന സമയം പഠനത്തിനായിക്കൂടി ഉപയോഗിക്കുക. വിദ്യാർഥികൾക്ക് ഓൺലൈൻ ആയി പഠന സൗകര്യങ്ങൾ ഒരുക്കാൻ എല്ലാ അഫിലിയേറ്റഡ് കോളേജുകളോടും സർവകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്. അവ പരമാവധി പ്രയോജനപ്പെടുത്തുക.

ആരോഗ്യ ശാസ്ത്ര വിദ്യാർത്ഥികൾ എന്ന നിലയിൽ നിങ്ങളോട് പലരും കോവിഡ് 19 നെക്കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാനിടയുണ്ട്. അവയെല്ലാം തന്നെ കൃത്യവും ശാസ്ത്രീയവുമായ ഉത്തരങ്ങൾ നൽകാൻ നിങ്ങൾക്ക് കഴിയണം. ഇതൊരു പഠനാവസരമായിക്കണ്ട്, അതിനു വേണ്ട തയ്യാറെടുപ്പുകൾ നടത്തുക. വാട്ട്സാപ്പ്, ഫേസ്ബുക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകളിൽ വരുന്ന തെറ്റായ സന്ദേശങ്ങളെ നമ്മൾ തിരുത്തേണ്ടതുണ്ട്. അതോടൊപ്പം നിങ്ങളുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയുമടക്കം പരമാവധി എല്ലാ ആളുകളുടെ ഇടയിലും കോവിഡ് 19 നെ എങ്ങനെ പ്രതിരോധിക്കണം എന്ന വിജ്ഞാനം എത്തിക്കുക.

ഈ ദുരന്തവും അതിജീവിക്കും, ഈ നാടും നമ്മളും...!
അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹത്തോടെ



**പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ**
വൈസ് ചാൻസിലർ.